ഗ്രന്ഥശാലകൾക്ക് ഡിസ്ക്കൗണ്ട്

30 (2905) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-98, 1998-99 എന്നീ വർഷങ്ങളിൽ ഓരോ വർഷവും നാഷണൽ ബുക്ക് സ്റ്റാൾ ഗ്രന്ഥശാല സംഘത്തിന്റെ ലൈബ്രറികൾക്കായി എന്ത് തുകയുടെ പുസ്തകങ്ങൾ നൽകി ;

(ബി) ഈ പുസ്തകങ്ങൾക്ക് എത്ര ശതമാനം ഡിസ്കൗണ്ട് നൽകി ;

(സി) പ്രസ്തുത പുസ്തകങ്ങൾക്ക് സാധാരണ നൽകുന്ന ഡിസ്കൗണ്ട് എത്ര ശതമാനമാണ് ;

(ഡി) ഗ്രന്ഥശാലകൾക്കായി വാങ്ങുമ്പോൾ മറ്റു പ്രസാധകർ എത്ര ശതമാനം കമ്മീഷനാണ് നൽകാറുള്ളത് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1997-98-ൽ 25 ലക്ഷം രൂപയുടെയും 98-99-ൽ 74,68,562 രൂപയുടേയും പുസ്തകങ്ങൾ നാഷണൽ ബുക്ക് സ്റ്റാൾ ഗ്രന്ഥശാലാസംഘത്തിന്റെ ലൈബ്രറികൾക്കായി നൽകിയിട്ടുണ്ട്.

(ബി) 25 ശതമാനം.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഓരോ പ്രസാധകരും ഓരോ നിരക്കിലാണ് കമ്മീഷൻ നൽകുന്നത്. ഇത് പുസ്തകങ്ങളുടെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിലാണ്.

അശരണരും രോഗബാധിതരുമായ കലാകാരന്മാർക്ക് ചികിത്സാസഹായം

31 (2906) ശ്രീ. സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്ക്കാരിക വകുപ്പിൽ നിന്നും അശരണരും രോഗബാധിതരുമായ കലാകാരന്മാർക്കുള്ള അടിയന്തിര ചികിത്സാസഹായം 1999 വർഷത്തിൽ എത്ര പേർക്ക് ലഭിച്ചിട്ടുണ്ട് ;

(ബി) സാമ്പത്തിക സഹായം അനുവദിക്കപ്പെട്ട ശ്രീ. കെ. പി. ഗോകുൽദാസിന് തുക ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത തുക ഗോകുൽദാസിന് ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1999-2000 സാമ്പത്തിക വർഷത്തിൽ 56 പേർക്ക് ചികിത്സാ ധനസഹായം നല്കിയിട്ടുണ്ട്.

(ബി) ശ്രീ. ഗോകുൽ ദാസിന് 23-3-99 ലെ സർക്കാർ ഉത്തരവ് (ആർ‌ടി) നം. 156/99/സി. എ. ഡി. പ്രകാരം അനുവദിച്ച തുക മാർച്ച് 1999-ന് മുമ്പ് വിതരണം ചെയ്യാൻ സാധിക്കാത്തതിനാൽ ലാപ്സായി പോയതായി കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(സി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ശ്രീ. ഗോകുൽ ദാസിന് ഈ വർഷത്തെ ബഡ്ജറ്റിൽ നിന്നും തുക അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

മാനവീയം പരിപാടി

32 (2907) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാനവീയത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് പരിപാടി അവതരിപ്പിച്ച പണ്ഡിറ്റ് രവിശങ്കറിന് നൽകിയ എട്ടുലക്ഷം രൂപയിൽ അദ്ദേഹത്തിന്റെ യാത്രക്കൂലിയും താമസവും ഉൾപ്പെടെയുള്ള ചെലവുകൾ ഉൾപ്പെടുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരം ചെലവുകൾ, ഹാൾവാടക, മറ്റു ചെലവുകൾ ഉൾപ്പെടെ ആ പരിപാടിക്ക് മൊത്തം വേണ്ടിവന്ന ചെലവെത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) മാനവീയം പരിപാടികളിൽ സംസ്ഥാനത്തെ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് അവസരങ്ങൾ നൽകുന്നതിനും ഉദ്ദേശമുണ്ടോ ;

(ഡി) മാനവീയം മിഷൻ നടത്തിയ പരിപാടികളിൽ പ്രോഗ്രാം അവതരിപ്പിച്ച കേരളത്തിലെ ഏതെല്ലാം കലാകാരന്മാർക്ക് ഇതുവരെ എന്തു തുക വീതം നൽകുകയുണ്ടായി ;

(ഇ) വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഇല്ല. ഹാൾ വാടകയായി 10,500 രൂപയും പണ്ഡിറ്റ് രവിശങ്കറിനും അദ്ദേഹത്തിന്റെ കൂടെ വന്ന കലാകാരന്മാർക്കും കൂടി വിമാന യാത്രക്കൂലിയിനത്തിൽ 2,62,722 രൂപയും ഉൾപ്പെടെ 10,73,222 രൂപ ചെലവായി. ഇതിൽ പണ്ഡിറ്റ് രവിശങ്കർ, അദ്ദേഹത്തിന്റെ ഭാര്യ, പുത്രി എന്നിവർ സംസ്ഥാന അതിഥികളായിരുന്നതിനാൽ അവരുടെ താമസചെലവ് ഉൾപ്പെടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly